പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1210 12.07.2016 ൽ മറുപടിക്ക്

## ബസുകളിൽ സ്ത്രീ സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ മന്ത്രി) | |
| (എ) | പൊതുഗതാഗത സംവിധാനങ്ങളിൽ സ്ത്രീകൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതുഗതാഗത സംവിധാനങ്ങളിൽ സ്ത്രീകൾക്കു നേരെ അതിക്രമം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്ത്രീസുരക്ഷ മുൻനിർത്തി പൊതു ഗതാഗത സംവിധാനങ്ങളിൽ അടിയന്തര എമർജൻസി ബട്ടണുകളും സി.സി.ടിവികളും സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ആലോചനകൾ നടത്തുന്നുണ്ടോ; | (ബി) | സംസ്ഥാനത്തെ പൊതുഗതാഗത വാഹനങ്ങളിൽ ജി.പി.എസ് അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമായി എല്ലാ സ്വകാര്യ ബസുകളിലും ജി.പി.എസ് അധിഷ്ഠിത നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനായുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്. ഇത് വഴി വാഹനത്തിന്റെ നിലവിലെ സ്ഥാനം, വേഗത നിയന്ത്രണ ലംഘനം, നിർദിഷ്ട പാതയിൽ നിന്നുള്ള വ്യതിചലനം എന്നിവ കൺട്രോൾ റൂമിലിരുന്നു നിരീക്ഷിക്കാൻ കഴിയും.<br>കെ.യു.ആർ.ടി.സി ക്ക് ജന്റം രണ്ടാംഘട്ട പദ്ധതിയിൽ ലഭിച്ച 238 ബസ്സു കളിൽ എമർജൻസി ബട്ടണുകളും, ക്യാമറ കളും സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ആർ.റ്റി.സി. യുടെ |

| | | | |
|---|---|---|---|
| | | | രണ്ട് ബസ്സുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.<br>കൊച്ചി മെട്രോ റയിൽ സംവിധാനത്തിൽ സ്ത്രീ സുരക്ഷ മുൻനിർത്തിക്കൊണ്ട് പ്രത്യേകിച്ചും ഗർഭിണികൾക്ക് പ്രത്യേക ഇരിപ്പിടങ്ങൾ, എമർജൻസി ബട്ടണുകൾ, സി.സി.ടി.വി സംവിധാനങ്ങൾ എന്നിവ സജ്ജമാക്കുന്നുണ്ട്. |
| (സി) | ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പൊതുഗതാഗത സംവിധാനങ്ങളിൽ സ്ത്രീകൾക്കു നേരെ യുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്ന തിന് ഒരു പരിധിവരെ സഹായകര മാവും എന്ന് വിലയിരുത്തുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | സംസ്ഥാനത്ത് പുതിയതായി പുറത്തിറ ക്കുന്ന എല്ലാ കെ.എസ്.ആർ.ടി.സി ബസുകളിലും നിർമ്മാണ ഘട്ടത്തിൽ തന്നെ ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സിയുടെ രണ്ട് ബസു കളിൽ പരീക്ഷണാടിസ്ഥാനത്തിൽ ക്യാമറ കൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ ബസുകളിൽ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവു ന്നതാണ്. |

സെക്ഷൻ ഓഫീസർ